കെ.എം. അബുൽഗൈസ് നദ്‌വി

# സുനൻ അർബഅ

ഇമാം ബുഖാരി, ഇമാം മുസ്‌ലിം എന്നിവരുടെ ഹദീസ് സമാഹാരങ്ങൾക്കു ശേഷം കൃത്യതയിലും വിശ്വാസ്യതയിലും മുൻപന്തിയിൽ നിൽക്കുന്നവയാണ് ഇമാം അബൂദാവൂദ്, ഇമാം തിർമിദി, ഇമാം നസാഈ, ഇമാം ഇബ്നു മാജ എന്നിവരുടെ ഹദീസ് സമാഹാരങ്ങൾ. ഇവയെ സുനൻ അർബഅ (നാല് ഹദീസ് സമാഹാരങ്ങൾ) എന്ന് വിളിക്കുന്നു. ഓരോന്നും ക്രോഡീകരിച്ച രീതിയും അവയുടെ പ്രത്യേകതകളും വിവരിക്കുകയാണ് ഈ ലേഖനത്തിൽ.

## ഇമാം അബൂദാവൂദ് (റ)


പേര്: അബൂദാവൂദ് സുലൈമാനുബ്നു അശ്അഥിബ്നി ഇസ്ഹാഖ് സജിസ്താനി.

ജനനം: ഹി. 202-ൽ സീസ്താനിൽ (അറബി രൂപം സജിസ്താൻ എന്നാണ്. ബലൂചിസ്താനിന്റെ സമീപപ്രദേശമാണിത്)

ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം ബഗ്ദാദിലാണ് കഴിച്ചുകൂട്ടിയത്. പ്രസിദ്ധമായ തന്റെ *സുനനി*ന്റെ രചന നിർവഹിച്ചതും അവിടെ വെച്ചുതന്നെ. ഹിജ്റ 271-ൽ വിജ്ഞാനങ്ങളുടെ കേന്ദ്രമായി മാറിക്കഴിഞ്ഞിരുന്ന ബസ്വറയിലേക്ക് താമസം മാറ്റി. ഹി. 275-ൽ അവിടെ വെച്ചു മരണപ്പെട്ടു.

പഠനം: ഹദീസ് വിജ്ഞാനീയങ്ങളുടെ സുവർണ കാലത്താണ് അദ്ദേഹം ജീവിച്ചത്. അക്കാലത്തെ പ്രസിദ്ധരായ മുഴുവൻ ഹദീസ് പണ്ഡിത ശ്രേഷ്ഠന്മാരിൽനിന്നും അദ്ദേഹം വിജ്ഞാനം നേടി. പ്രസ്തുത ലക്ഷ്യത്തിനായി ഇറാഖ്, ഖുറാസാൻ, സിറിയ, ഈജിപ്ത് തുടങ്ങിയ നാടുകൾ സന്ദർശിച്ചു. അബൂദാവൂദിന്റെ ഗുരുവര്യന്മാരുടെ എണ്ണം തിട്ടപ്പെടുത്താനാവില്ല എന്നാണ് ഖത്വീബ് തിബ്രീതി പറയുന്നത്. ഇബ്നുഹജറിന്റെ നിഗമനമനുസരിച്ച് അത് മുന്നൂറോളമാണ്. ഇമാം ബുഖാരിയുടെ ഉന്നത ശീർഷരായ പല ഗുരുവര്യന്മാരും അബൂദാവൂദിന്റെയും ഗുരുനാഥന്മാരാണ്. ഇമാം അഹ്മദുബ്നു ഹമ്പൽ, ഖഅ്നബി, അബുൽ വലീദ് ത്വയാലിസി, യഹ്‌യബ്നു മഈൻ എന്നിവർ ഉദാഹരണം.

ധാരാളം ശിഷ്യഗണങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. തിർമിദി, നസാഈ തുടങ്ങിയവർക്കു പുറമെ സ്വപുത്രൻ അബ്ദുല്ലയും ഈ ഗണത്തിലുണ്ട്. ഗുരുനാഥനായ ഇമാം ഇബ്നു ഹമ്പലും അദ്ദേഹത്തിൽനിന്ന് ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്.



**മദ്ഹബ്**

അബൂദാവൂദ് ഏത് മദ്ഹബുകാരനാണ് എന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ട്. നവാബ് സിദ്ദീഖ് ഹസൻ ഭോപാലിയുടെ അഭിപ്രായത്തിൽ അദ്ദേഹം ശാഫിഈ മദ്ഹബുകാരനാണ്. ഇബ്നു തൈമിയ്യയുടെ വീക്ഷണത്തിൽ ഹമ്പലിയാണ്. ചില ഫിഖ്ഹീ വീക്ഷണങ്ങൾ ചൂണ്ടിക്കാട്ടി, ഹമ്പലീ മദ്ഹബുകാരനെന്ന് സ്ഥാപിക്കാനാണ് മിക്ക പണ്ഡിതന്മാരും ശ്രമിച്ചിട്ടുള്ളത്.

**രചനയുടെ പ്രേരകം**

ഹദീസ് പണ്ഡിതന്മാർ ചില പ്രത്യേക രീതിയിൽ ഹദീസുകൾ ക്രോഡീകരിക്കുന്നത് ചില ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ്. പലരും ഹദീസുകൾ അക്ഷരം പിഴക്കാതെ അതിസൂക്ഷ്മമായി ഉദ്ധരിക്കാനാണ് നിഷ്കർഷ പുലർത്തിയത്. കർമശാസ്ത്ര പ്രശ്നങ്ങൾ അവർ അത്ര ഗൗനിച്ചിരുന്നില്ല. ഇത് ഇമാമുമാരെ കുറിച്ച് അബദ്ധജടിലമായ അഭിപ്രായങ്ങൾ ഉയർന്നുവരാൻ ഇടയാക്കി. ഇമാം അബൂഹനീഫയെക്കുറിച്ച് ഹുമൈദിയും ഇമാം ശാഫിഈയെക്കുറിച്ച് അഹ്മദുബ്നു അബ്ദില്ലാഹ് അൽ അജലിയും നടത്തിയ വിമർശനങ്ങൾ ഇതിനുദാഹരണങ്ങളാണ്. അതിനാൽ കർമശാസ്ത്രകാരന്മാരുടെ അഭിപ്രായങ്ങൾ കൂടി തന്റെ *സുനനിൽ* ഉൾപ്പെടുത്താൻ അബൂദാവൂദ് ശ്രദ്ധിച്ചു. ഇമാമുമാരായ മാലിക്, സൗരി, ശാഫിഈ തുടങ്ങിയവരുടെ മദ്ഹബുകളുടെ അവലംബങ്ങൾ തന്റെ ഈ ഗ്രന്ഥത്തിൽ ലഭ്യമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. നാലു പേരാണ് അബൂദാവൂദിൽനിന്ന് ഈ *സുനൻ* റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മൂന്ന് പേരുടെ കോപ്പികളിൽ മുൻഗണനാ ക്രമത്തിലുള്ള ചില വ്യത്യാസങ്ങൾ ഒഴിച്ചുനിർത്തിയാൽ പോരായ്മകളോ അധികപ്പറ്റോ ഒന്നും കാണുകയില്ല. നാലാമത്തെ റിപ്പോർട്ടർ ഇബ്നുൽ അഅ്റാബി എന്ന പേരിൽ വിശ്രുതനായ ഹദീസ് പണ്ഡിതനാണ്. അദ്ദേഹത്തിന്റെ കോപ്പിയിൽ മറ്റു റിപ്പോർട്ടുകളിലുള്ള അപേക്ഷിച്ച് ഏതാനും ഭാഗങ്ങൾ ഇല്ല.

**സ്വീകാര്യത**

മുസ്‌ലിം പണ്ഡിതലോകത്ത് സ്വീകാര്യത നേടിയ ഗ്രന്ഥമാണിത്. ഖത്താബിയുടെ അഭിപ്രായമനുസരിച്ച് *സുനനു അബീദാവൂദ്* പോലുള്ളൊരു ഗ്രന്ഥം നാളിതുവരെ രചിക്കപ്പെട്ടിട്ടില്ലത്രെ. ഹദീസ് നിവേദന - നിരൂപണത്തിൽ അതിതീവ്രത പുലർത്തുന്ന ഇബ്നുൽ ജൗസി, തിർമിദിയുടെ മുപ്പതും, നസാഇയുടെ പത്തും അബൂദാവൂദിന്റെ ഒമ്പതും എണ്ണം ഹദീസുകൾ വ്യാജ നിർമിതമെന്ന് വാദിച്ചിട്ടുണ്ട്. ഇതിന് പണ്ഡിതലോകം മറുപടിയും പറഞ്ഞിട്ടുണ്ട്. സുനൻ അർബഅഃയിൽ അബൂദാവൂദിന്റേതാണ് സ്വീകാര്യതയിൽ മുന്നിട്ടുനിൽക്കുന്നത്.

**പ്രത്യേകതകൾ**

ഒരേ സനദിൽ വ്യത്യസ്ത സനദുകൾ വിവരിക്കുന്നതുപോലെ ഒരേ മത്നിൽ പല മത്നുകളും ഗ്രന്ഥകാരൻ വിവരിക്കാറുണ്ട്. മാത്രമല്ല, ഓരോ ഹദീസിലെയും വ്യത്യസ്ത പദങ്ങളെ പ്രത്യേകം എടുത്തുദ്ധരിക്കും. ഇതിലൂടെ ധാരാളം കാര്യങ്ങൾക്ക് വ്യക്തത കിട്ടും. പദങ്ങളുടെ ഏറ്റക്കുറച്ചിൽ, വ്യത്യാസം, റിപ്പോർട്ടറുടെ വിശേഷണം. എന്നിവയൊക്കെ രേഖപ്പെടുത്തിയിരിക്കും. ഒരേ റാവിയുടെ രണ്ടു സനദുകളിൽ ഒന്ന് ഹദ്ദസനാ(حدثنا)യും മറ്റൊന്ന് അൻഅന(عنعنة)യും ആണെങ്കിൽ, ആദ്യത്തേതിന് മുൻഗണനനൽകും. ചിലപ്പോൾ വളരെ നീണ്ട ഹദീസുകൾ ചുരുക്കി വിവരിക്കും. മറ്റുചിലപ്പോൾ ഒറ്റതലക്കെ




ട്ടിൽ വിവിധ വിഷയങ്ങളുൾക്കൊള്ളുന്ന രിവായത്തുകൾ കൊണ്ടുവരും. അബ്ബാസീ ഭരണത്തിന്റെ സുവർണഘട്ടത്തിലായിരുന്നു ഇമാമിന്റെ ജനനം. പെരുമാറ്റമര്യാദകൾ (കിതാബുൽ ആദാബ്)ക്ക് തന്റെ *സുനനിൽ* അദ്ദേഹം പ്രത്യേക സ്ഥാനം നൽകിയിട്ടുണ്ട്.

**രിവായത്തുകളുടെ എണ്ണം**

ലഭ്യമായ അഞ്ചുലക്ഷം ഹദീസുകളിൽനിന്ന് അദ്ദേഹം 35 തലക്കെട്ടുകളിലായി കേവലം 4800 എണ്ണം മാത്രമാണ് തെരഞ്ഞെടുത്തത്. ഇതിനുപുറമെ 600 മുർസലുകളും. ഇമാം ശാഫിഈ മുർസലുകളെ അംഗീകരിക്കാറില്ല. എങ്കിലും പൂർവികരായ ഭൂരിപക്ഷം പണ്ഡിതന്മാരും അതംഗീകരിക്കുന്നവരാണ്. മൊത്തം 1871 അധ്യായങ്ങളാണുള്ളത്. എന്നാൽ റിപ്പോർട്ടുകളുടെ ബലാബലത്തെക്കുറിച്ച് അബൂദാവൂദ് നിശ്ശബ്ദത പാലിച്ച ഹദീസുകളുടെ കാര്യത്തിൽ പണ്ഡിതലോകത്ത് ഭിന്നാഭിപ്രായങ്ങൾ കാണാവുന്നതാണ്. മൊത്തത്തിൽ കൊള്ളാമെന്നാണ് അവരുടെ നിഗമനം.

**നാലുപേരാണ് അബൂദാവൂദിൽനിന്ന് ഈ സുനൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മൂന്ന് പേരുടെ കോപ്പികളിൽ മുൻഗണനാ ക്രമത്തിലുള്ള ചില വ്യത്യാസങ്ങൾ ഒഴിച്ചുനിർത്തിയാൽ പോരായ്മകളോ അധികപ്പറ്റോ ഒന്നും കാണുകയില്ല. നാലാമത്തെ റിപ്പോർട്ടർ ഇബ്നുൽ അഅ്റാബി എന്ന പേരിൽ വിശ്രുതനായ ഹദീസ് പണ്ഡിതനാണ്. അദ്ദേഹത്തിന്റെ കോപ്പിയിൽ മറ്റു റിപ്പോർട്ടുകളെ അപേക്ഷിച്ച് ഏതാനും ഭാഗങ്ങൾ ഒഴിവായിട്ടുണ്ട്.**

**വ്യാഖ്യാനങ്ങൾ**

ഇരുപത്തി രണ്ടോളം വ്യാഖ്യാനങ്ങളും (ശർഹുകൾ)വ്യാഖ്യാനക്കുറിപ്പുകളും (ഹാശിയ) അബൂദാവൂദിന്റെ ഈ ഹദീസ് സമാഹാരത്തിനുണ്ട്. അവയിൽ ചിലത് അപൂർണമാണ്. ഖത്താബിയുടെ *മആലിമുസ്സുനൻ* സുയൂത്വിയുടെ മിർഖാത്തുസ്സുഊദാ ഇബ്നുൽ ഖയ്യിമിന്റെ *തഹ്ദീബുസ്സുനൻ ഔനുൽ മഅ്ബൂദ്* എന്ന സംക്ഷിപ്ത വിവരണവും എന്നിവയാണ് അറിയപ്പെടുന്ന വ്യാഖ്യാന കൃതികൾ.

## ഇമാം തിർമിദി (റ)

പേര്: അബൂ ഈസാ മുഹമ്മദുബ്നു ഈസബ്നു സൗറ.

ജനനം: ഹി. 209-ൽ തിർമിദ് എന്ന പുരാതന തീരപ്രദേശ പട്ടണത്തിൽ.

മരണം: 70-ാം വയസ്സിൽ (ഹിജ്റ 279-ൽ) തിർമിദിൽ തന്നെ.

കുട്ടിക്കാലത്ത് തന്നെ ഹദീസിനോട് വലിയ താൽപര്യം കാണിച്ചു. ഇമാം ബുഖാരിയുടെ പ്രശസ്തി നാടെങ്ങും വ്യാപിച്ച കാലമായിരുന്നു. തിർമിദി പല നാടുകളിലും സഞ്ച

**ഓരോ വിഷയത്തിലും പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ (മദ്ഹബ്) ക്രോഡീകരിക്കുക തിർമിദിയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു. മുൻഗാമികളും സമകാലികരുമായ നിരവധി പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ സുനനിൽ സമാഹരിച്ചതായി കാണാം. ഇമാം ഔസാഈ, സൗരി, ഇസ്ഹാഖ് മറൂസി തുടങ്ങിയവർക്ക് അവർ ജീവിച്ചിരുന്ന കാലത്ത് അനുയായികളുണ്ടായിരുന്നെങ്കിലും പിന്നീട് അവരുടെ മദ്ഹബുകൾ അപ്രത്യക്ഷമായി. അവരുടെ അഭിപ്രായങ്ങൾ അറിയാനുള്ള ഇന്നത്തെ മുഖ്യ അവലംബങ്ങളിലൊന്ന് തിർമിദിയുടെ സുനൻ ആണ്.**




രിച്ച് ഹദീസുകൾ പഠിച്ചു. ഇമാം ബുഖാരി, മുസ്‌ലിം, ആലിബ്നു ഹുജ്ർ, ഖുതൈബ, മുഹമ്മദുബ്നു ബശ്ശാർ, അബൂദാവൂദ് തുടങ്ങിയ പ്രമുഖരായിരുന്നു ഗുരുക്കന്മാർ. ഇമാം ബുഖാരിയുടെ അരുമ ശിഷ്യനായിരുന്നു തിർമിദി. ബുഖാരി അദ്ദേഹത്തിൽനിന്ന് രണ്ട് ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസിദ്ധരായ ഒട്ടേറെ ശിഷ്യഗണങ്ങളുടെ പരമ്പരതന്നെ തിർമിദിക്കുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഓർമശക്തി അപാരമായിരുന്നു. അത് തെളിയിക്കുന്ന നിരവധി സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഫിഖ്ഹ്, തഫ്സീർ വിഷയങ്ങളിൽ അദ്ദേഹത്തിന് നല്ല അവഗാഹമുണ്ടായിരുന്നു. നിരവധി വിഷയങ്ങളെ അധികരിച്ച് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എട്ട് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഹദീസ് ഗ്രന്ഥങ്ങളെയാണ് 'ജാമിഅ്' എന്ന് വിളിക്കുന്നത്. തിർമിദിയുടെ സമാഹാരം ഈ വിശേഷണത്തിന് അർഹമാണ്. എന്നാൽ കർമശാസ്ത്ര വിഷയങ്ങളുടെ ക്രോഡീകരണം പോലെ ശുചിത്വം, നമസ്കാരം, സകാത്ത്, നോമ്പ് എന്നീ ക്രമമനുസരിച്ച് രചിക്കപ്പെട്ട ഗ്രന്ഥമായതുകൊണ്ട് ഇതിന് 'സുനൻ' എന്നും പേർ വിളിക്കാറുണ്ട്.

### പ്രത്യേകതകൾ

സച്ചരിതരായ മുൻഗാമികളുടെ അഭിപ്രായങ്ങൾ ഈ സുനനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മെച്ചപ്പെട്ട ക്രോഡീകരണമാണ്. ആവർത്തന വിരസതയില്ല. കർമശാസ്ത്ര പണ്ഡിതന്മാരെക്കുറിച്ചും അവരുടെ വീക്ഷണങ്ങളെക്കുറിച്ചും അവർ നിരത്തുന്ന തെളിവുകളെക്കുറിച്ചും വിവരണങ്ങൾ കാണാം. ഹദീസുകളുടെ ഇനങ്ങൾ (സ്വഹീഹ്, ഹസൻ, ദഈഫ്, ഗരീബ്, മുഅല്ലൽ മുതലായവ) വിശദീകരിക്കുന്നു. ഹദീസ് റിപ്പോർട്ടർമാരുടെ പേരുകൾ, സ്ഥാനപ്പേരുകൾ, ഓമനപ്പേരുകൾ എന്നിവ സംബന്ധിച്ച പ്രത്യേക നിരൂപണങ്ങളും തിർമിദി നടത്തിയിട്ടുണ്ട്.

ഹദീസുകളിൽ ഹസൻ എന്ന ഒരിനത്തിന്റെ ഉപജ്ഞാതാവ് തിർമിദിയാണെന്ന് ഇബ്നുസ്സ്വലാഹ് അഭിപ്രായപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെടുക തിർമിദിയുടെ സമാഹാരമാണ് എന്നൊരു അഭിപ്രായവുമുണ്ട്. സ്വഹീഹു ബുഖാരിയും സ്വഹീഹു മുസ്‌ലിമും അഗാധ പാണ്ഡിത്യമുള്ളവർക്കു മാത്രമേ പ്രയോജനപ്പെടൂ എന്നാണവരുടെ ന്യായം.

ഓരോ വിഷയത്തിലും പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ (മദ്ഹബ്) ക്രോഡീകരിക്കുക തിർമിദിയുടെ ഒരു പ്രധാന ലക്ഷ്യമായിരുന്നു. മുൻഗാമികളും സമകാലികരുമായ നിരവധി പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ സുനനിൽ സമാഹരിച്ചതായി കാണാം. ഇമാം ഔസാഈ, സൗരി, ഇസ്ഹാഖ് മറൂസി തുടങ്ങിയവർക്ക് അവർ ജീവിച്ചിരുന്ന കാലത്ത് അനുയായികളുണ്ടായിരുന്നെങ്കിലും പിന്നീട് അവരുടെ മദ്ഹബുകൾ അപ്രത്യക്ഷമായി. അവരുടെ അഭിപ്രായങ്ങൾ അറിയാനുള്ള ഇന്നത്തെ മുഖ്യ അവലംബങ്ങളിലൊന്ന് തിർമിദിയുടെ സുനൻ ആണ്.

### മറ്റുചില സവിശേഷതകൾ

1. തിർമിദി അധ്യായങ്ങൾക്ക് പ്രസിദ്ധമായ ഒരു ഹദീസോടെയാണ് തുടക്കം കുറിക്കുക. അതിന്റെ സനദ് അദ്ദേഹത്തിന് സ്വീകാര്യമായിരിക്കും. മാത്രമല്ല, സ്വിഹാഹുസ്സിത്തക്കാരും ആ ഹദീസ് റിപ്പോർട്ട് ചെയ്തിരിക്കും. ശേഷം അത്ര പ്രസിദ്ധമല്ലാത്ത മറ്റൊരു ഹദീസ് ഉദ്ധരിച്ച് അധ്യായത്തിന് കൊടുത്ത തലക്കെട്ടിനോട് നീതി പുലർത്തും. രണ്ടാമത്തെ ഹദീസിന് ആദ്യത്തേതിന്റെ നിലവാരം ഉണ്ടാവണമെന്നില്ല. തുടർന്ന് പ്രസ്തുത വിഷയം റിപ്പോർട്ട് ചെയ്ത പലരുടെയും പേരുകൾ (ആദ്യം റിപ്പോർട്ട് ചെയ്ത സ്വഹാബിയുടേത് ഉൾപ്പെടെ) ചേർക്കുന്നു. ഹദീസ് കുതുകികൾക്ക് ഇത് വളരെ പ്രയോജനം ചെയ്യും. പ്രശസ്തമല്ലാത്ത ആ ഹദീസിനെക്കുറിച്ച വിശദാംശങ്ങൾ അതിലുണ്ടാവും എന്നതാണ് കാരണം.

2. സ്വഹാബിമാരുടെയും അവരുടെ പുത്രന്മാരുടെയും പേരുകളിൽ ഉണ്ടായേക്കാവുന്ന സംശയങ്ങൾ ദൂരീകരിക്കുന്നു. ഒരേ പേരിലുള്ളവയ്ക്ക് പ്രത്യേക വിശേഷണങ്ങൾ നൽകി വ്യക്തത നൽകുന്നു.

3. നീണ്ട ഹദീസുകളെ ചുരുക്കി അവതരിപ്പിക്കുന്നു.

4. ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഈ മുതലായവരുടെ നിലവാരത്തെ അപേക്ഷിച്ച് തിർമിദി പിന്നിലാണെങ്കിലും ഗരീബായ ഹദീസുകൾ കൊടുത്തശേഷം പ്രസ്തുത വിഷയത്തിലുള്ള സ്വഹീഹായ മറ്റു ഹദീസുകളിലേക്ക് വിരൽ ചൂണ്ടി സനദിലെ ശരികേടുകളെക്കുറിച്ച് ഉണർത്തുന്നു എന്നതിനാൽ തിർമിദിയുടെ സ്ഥാനവും ഉയർന്നുതന്നെ നിൽക്കുന്നു.

5. പൊതുവെ രണ്ടു തലക്കെട്ടുകൾ നൽകാറുണ്ട്. ആദ്യത്തേത് ഹിജാസികളുടെയും രണ്ടാമത്തേത് ഇറാഖികളുടെയും മദ്ഹബുകളെ പിന്തുണക്കുന്നു. ഒന്നാമത്തേത് ഇമാം ശാഫിഇക്കും രണ്ടാമത്തേത് ഇമാം അബൂഹനീഫക്കും അവലംബമാണ്. ഹദീസ് സ്വഹീഹ് ഹസൻ, ഹസൻ സ്വഹീഹ്, ഹദീസ് ഹസൻ സ്വഹീഹ് ഗരീബ് എന്നിങ്ങനെ ഇതിൽ പ്രയോ

ഗിച്ചത് കാണാം. ഇതിനൊക്കെ തിർമിദിക്ക് സ്വന്തമായ വ്യാഖ്യാനങ്ങളുമുണ്ട്. പൊതുസ്വീകാര്യമായ നിർവചനങ്ങളുമായി ഇവക്ക് ബന്ധമില്ല.

തന്റെ ഗ്രന്ഥത്തിലെ കറാഹിയ്യത്ത് എന്ന പ്രയോഗത്തിന് സന്ദർഭങ്ങളനുസരിച്ച് 'നിഷിദ്ധം' മുതൽ 'അനുചിതം' വരെ അർഥങ്ങൾ അദ്ദേഹം നൽകിയിട്ടുണ്ട്. പൂർവകാല പണ്ഡിതലോകം അങ്ങനെയാണ് പ്രയോഗിച്ചു വന്നിട്ടുള്ളത്. പിൻമുറക്കാരാണ് സാധാരണക്കാർക്ക് ആശയക്കുഴപ്പമുണ്ടാകാതിരിക്കാൻ ഒറ്റ അർഥത്തിൽ മാത്രം പ്രയോഗിച്ചത്.

*ജാമിഉത്തിർമിദിക്ക്* ധാരാളം ശർഹുകളുണ്ട്. ഇന്ത്യയിലെ പല പ്രമുഖ പണ്ഡിതന്മാരും ഇതിന് വിശദീകരണങ്ങൾ എഴുതുകയുണ്ടായി. കാരണം, ഈ ഗ്രന്ഥം ഏറെക്കാലമായി ഇന്ത്യയിലെ ഉയർന്ന മതപഠന സ്ഥാപനങ്ങളിൽ ടെക്സ്റ്റായി പഠിപ്പിക്കപ്പെടുന്നുണ്ട്.

## ഇമാം നസാഈ (റ)

പേര്: അബൂഅബ്ദുർറഹ്മാൻ അഹ്മദുബ്നി ശുഐബിബ്നി അലി നസാഈ. 'നസാ' എന്നത് തുർക്കിസ്താനിലെ പ്രധാന പട്ടണമാണ്. അത് പഴയകാല ഖുറാസാന്റെ ഭാഗമാണ്. ഇന്നത്തെ വടക്ക് കിഴക്കൻ ഇറാനും (നീസാബൂർ) വടക്ക് അഫ്ഗാനിസ്താനും (ഹറാത്ത്, ബൽഖ്) തുർക്കിസ്താനിലെ സംസ്ഥാനമായ മർവയും ചേർന്നതാണ് ഖുറാസാൻ. ഒട്ടുമിക്ക വൈജ്ഞാനിക ശാഖകളുടെയും കേന്ദ്രസ്ഥാനമായിരുന്നു വല്ലോ ഖുറാസാൻ. ഗ്രന്ഥങ്ങൾ ബഹുഭൂരിപക്ഷവും അറബിയിലാണെങ്കിലും അവരാരും അറബികളായിരുന്നില്ല.

ജനനം: ഹിജ്റ 214/215-ൽ. പ്രാഥമിക വിദ്യാഭ്യാസം എവിടെ വെച്ചായിരുന്നുവെന്ന് വ്യക്തമല്ല. ആ കാലത്ത് പഠനാവശ്യാർഥം ദൂരദിക്കുകളിലേക്ക് ആളുകൾ പോകുന്നത് പതിവായിരുന്നു. ഹദീസിനുവേണ്ടി മുഹദ്ദിസുകൾ എത്ര ദൂരവും സഞ്ചരിക്കുന്ന കാലം. സമയവും ക്ലേശവും അവർക്ക് പ്രശ്നമേ ആയിരുന്നില്ല. ഇമാം നസാഈ നാട്ടിൽനിന്ന് ബഗ്ദാദിലുള്ള ഖുതൈബബ്നു സഈദിന്റെ അടുത്തേക്ക് യാത്രതിരിച്ചു. അന്നദ്ദേഹത്തിന് 15 വയസ്സായിരുന്നു പ്രായം. പിന്നീടദ്ദേഹം അക്കാലത്തെ വലിയ വിജ്ഞാന കേന്ദ്രങ്ങളിലേക്ക് സഞ്ചരിച്ചു. അവിടെനിന്നും ഹദീസുകൾ ശേഖരിച്ചു. ഇസ്ഹാഖുബ്നു റാഹ്വൈഹും അബൂസുർഅഃയും ഇമാം ഇബ്നു ഹമ്പലും അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലയും ഇമാം ബുഖാരിയുമെല്ലാം അദ്ദേഹത്തിന്റെ ഗുരുനാഥന്മാരുടെ പട്ടികയിൽ പെടുന്നു. നസാഇയുടെ ശിഷ്യന്മാരിൽ മകൻ അബ്ദുൽ കരീം, (ഹി. 277-344) ഇമാം ത്വബ്റാനി, അബൂ അവാനഃ ഇമാം ത്വഹാവി, ഇബ്നുസ്സുന്നീ എന്ന നാമധേയത്തിൽ വിഖ്യാതനായ ഇമാം അബൂബക്ർ ദയ്നവരി തുടങ്ങി ധാരാളം പ്രമുഖരുണ്ട്.

ഇമാം നസാഈ തികഞ്ഞ മതഭക്തനായിരുന്നു. രാവും പകലും ഇബാദത്തുകളിൽ മുഴുകും. പതിവായി ഹജ്ജ് ചെയ്യുന്നതിനുപുറമെ ധർമസമരത്തിലും അദ്ദേഹം പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഭരണവർഗത്തിൽനിന്ന് ഏറെ അകലംപാലിച്ച അദ്ദേഹം കുറച്ചു കാലം ഹിംസിലെ ജഡ്ജ് ആയിരുന്നതായി ഇബ്നു കസീർ രേഖപ്പെടുത്തിയിട്ടുണ്ട്. സുന്നത്തുകളെ വല്ലാതെ സ്നേഹിച്ച അദ്ദേഹത്തിന് ഒന്നിടവിട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്ന പതിവും ഉണ്ടായിരുന്നു. എന്നാൽ ബിദ്അത്തുകളെ പാടെ അവഗണിക്കുകയും അവയോട് സന്ധിയില്ലാ സമരം പ്രഖ്യാപിക്കുകയും ചെയ്തു. ഇതിന്റെ ഫലമായിരുന്നു ജീവിതാന്ത്യത്തിൽ അദ്ദേഹത്തിന് ഏൽക്കേണ്ടിവന്ന മർദനമുറകൾ.

ഉന്നതസ്ഥാനീയരായ നിരവധി ഹദീസ് പണ്ഡിതന്മാർ നസാഇയുടെ ഹദീസ് പാണ്ഡിത്യത്തെ പൂർണമായി അംഗീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സമകാലികരായി ഹദീസ് വിജ്ഞാനീയത്തിന്റെ മുഴുവൻ ശാഖകളിലും ഇത്രത്തോളം

**ഉന്നതസ്ഥാനീയരായ നിരവധി ഹദീസ് പണ്ഡിതന്മാർ നസാഇയുടെ ഹദീസ് പാണ്ഡിത്യത്തെ പൂർണമായി അംഗീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സമകാലികരായി ഹദീസ് വിജ്ഞാനീയത്തിന്റെ മുഴുവൻ ശാഖകളിലും ഇത്രത്തോളം സൂക്ഷ്മത പുലർത്തിയ പണ്ഡിത ശ്രേഷ്ഠന്മാർ വേറെയില്ല എന്നതാണ് സത്യം.**

സൂക്ഷ്മത പുലർത്തിയ പണ്ഡിത ശ്രേഷ്ഠന്മാർ വേറെയില്ല എന്നതാണ് സത്യം. ഈജിപ്തിൽ താമസമാക്കിയിരുന്ന നസാഈ, ഹി. 302-ൽ ദമസ്കസിലേക്ക് വന്നപ്പോൾ, ദീർഘകാലം അമവി ഭരണത്തിൻ കീഴിൽ ജീവിച്ച ജനങ്ങൾ ഖവാരിജുകളോട് കൂടുതൽ അടുപ്പവും അലി(റ)യോടും കുടുംബത്തോടും വിദ്വേഷവും പുലർത്തുന്നതായി കണ്ടു. തുടർന്നദ്ദേഹം അലി(റ) യെക്കുറിച്ച് ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. അവിടത്തെ വലിയ പള്ളിയിലെ മിമ്പറിൽവെച്ച് പ്രസ്തുത പുസ്തകം പരസ്യമായി വായിച്ചുകേൾപ്പിച്ചു. അപ്പോഴേക്കും ആളുകൾ ക്ഷുഭിതരായി അദ്ദേഹത്തെ മാരകമായി മുറിവേൽപിക്കുകയും ശീഈയാണെന്ന് ആരോപിക്കുകയും ചെയ്തു. തളർന്നവശനായ അദ്ദേഹം മക്കയിൽവെച്ച് മരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഹിജ്റ 303-ൽ 88-ാം വയസ്സിൽ മക്കയിൽ മരിച്ചു.

സത്യത്തിൽ അദ്ദേഹം ശീഈ ആയിരുന്നില്ല. എന്നാൽ ഇബ്നു ഖല്ലിക്കാനും ഇബ്നുകസീർപോലും അദ്ദേഹത്തിന് അൽപം ശീഇസമുണ്ടെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇബ്നുഹജറും ദഹബിയും ഈ വിഷയത്തിൽ നിശ്ശബ്ദത പാലിച്ചിരിക്കുന്നു. എന്നാൽ നസാഈ പിൽക്കാലത്ത് സ്വഹാബത്തിനെ മഹത്വപ്പെടുത്തി 'ഫദാഇൽ അസ്ഹാബ' എഴുതിയത് ശ്രദ്ധേയമാണ്. ചിലർ ഇദ്ദേഹത്തെ ശാഫിഈ പക്ഷക്കാരൻ എന്ന് പറഞ്ഞിട്ടുണ്ട്. ചില പ്രത്യേക വീക്ഷണങ്ങൾ മുൻനിർത്തി ചില പണ്ഡിതന്മാർ അദ്ദേഹം ഹമ്പലി പക്ഷക്കാരനാണെന്നും പറഞ്ഞിട്ടുണ്ട്. നസാഇക്ക് ഒരു പ്രത്യേക മദ്ഹബുമില്ലെന്ന് ശരിച്ച് പറയുന്നവരുമുണ്ട്. വാർധക്യകാലത്ത് പോലും ആരോഗ്യവാനായിരുന്ന നസാഈ ധാരാളം ഗ്രന്ഥങ്ങളുടെ കർത്താവു കൂടിയാണ്. റിപ്പോർട്ടർമാരുടെ നിരൂപണത്തിൽ അതിതീവ്രത പുലർത്തുന്ന വ്യക്തി എന്നാണ് അദ്ദേഹത്തെക്കുറിച്ച് വിലയിരുത്തപ്പെട്ടിട്ടുള്ളത്. നസാഇയുടെ *സുനൻ കുബ്റാ*, *സുനൻ സുഗ്റാ* എന്നീ രണ്ടു ഗ്രന്ഥങ്ങളാണ് വളരെ പ്രസിദ്ധമായത്. സ്വിഹാഹുസ്സിത്തയിൽ *സുനൻ സുഗ്റായാണ്* അംഗീകരിക്കപ്പെട്ടത്. ഇതിന് *അൽമുജ്തബാ* എന്നും *അൽമുജ്തനാ* എന്നും പേരുകളുണ്ട്. രണ്ടും ഏകദേശം ഒരേ അർഥം (വേർതിരിച്ചെടുത്തത്) തന്നെയാണ് ധ്വനിപ്പിക്കുന്നത്.

ഫലസ്തീനിലെ 'റംല'യുടെ ഗവർണർക്ക് നസാഈ തന്റെ *സുനൻ കുബ്റാ* സമർപ്പിച്ചു. ഈ ഗ്രന്ഥം തീർത്തും സ്വഹീഹാണോ എന്ന് അദ്ദേഹം ചോദിച്ചപ്പോൾ നസാഇയുടെ മറുപടി അല്ലെന്നായിരുന്നു. സ്വഹീഹ് മാത്രമുള്ള ഒരു ഗ്രന്ഥത്തിന്റെ ആവശ്യം അമീർ അറിയിച്ചപ്പോഴാണ് *സുനൻ സുഗ്റാക്ക്* നസാഈ രൂപം നൽകിയതെന്ന് പറയപ്പെടുന്നു. ഈ സംഭവം പല പണ്ഡിതന്മാരും ഉദ്ധരിക്കുന്നുണ്ടെങ്കിലും ദഹബിയെപ്പോലുള്ളവർ ഇത് സമ്മതിക്കുന്നില്ല. അവരുടെ വീക്ഷണമനുസരിച്ച്, ശിഷ്യൻ ഇബ്നുസുന്നി സംഗ്രഹിച്ചെടു

ത്താണ് *സുഗ്റാ*. നസാഇയുടെ മേൽനോട്ടത്തിൽ ഇബ്നു സ്സുന്നീ ഇത് സംഗ്രഹിച്ചിരിക്കാനാണ് കൂടുതൽ സാധ്യത. 'കുബ്റാ'യിലുള്ള മിക്ക ഹദീസുകളും സ്വഹീഹാണ്, ചിലതിന് ന്യൂനതകളുണ്ടെങ്കിലും. എന്നാൽ മുജ്തബായിലേത് മുഴുവനും സ്വഹീഹാണ് എന്ന് നസാഈ തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

### പ്രത്യേകതകൾ

ബുഖാരിയുടെയും മുസ്‌ലിമിന്റെയും ശൈലി, ഭദ്രവും സുന്ദരവുമായ ക്രമീകരണം, സനദിലെ പോരായ്മകളെക്കുറിച്ച വിശദീകരണം എന്നീ കാരണങ്ങളാൽ നസാഇയുടെ സമാഹാരം ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഹദീസുകൾ സ്വീകരിക്കുന്ന കാര്യത്തിൽ അദ്ദേഹം കടുത്ത നിബന്ധനകൾ ചുമത്തി. അബൂദാവൂദും തിർമിദിയും രിവായത്ത്ചെയ്യുന്ന ആളുകളെപ്പോലും ഒഴിവാക്കി. അതിനാൽ ബുഖാരി-മുസ്‌ലിമിനെക്കാൾ തീവ്രമായ നിബന്ധനകളാണ് നസാഇയുടേതെന്നാണ് ചിലർ അഭിപ്രായപ്പെടുന്നത്. ബുഖാരിക്കും മുസ്‌ലിമിനും ശേഷം നസാഇക്ക് മൂന്നാം സ്ഥാനം നൽകണമെന്നാണ് അവരുടെ പക്ഷം.

റാവിമാരുടെ പേരുകൾ, അവരുടെ ഇരട്ടപ്പേരുകൾ തുടങ്ങിയവ തിർമിദിയെപ്പോലെ നസാഇയും വ്യക്തമായി രേഖപ്പെടുത്തുന്നു. പോരായ്മകൾ വിവരിക്കുമ്പോൾ ശരി തെറ്റുകളെക്കുറിച്ച് സ്വന്തം തീരുമാനം പ്രഖ്യാപിക്കും. ഇത് ഹദീസ് പണ്ഡിതലോകത്ത് ചൂടേറിയ ചർച്ചകൾക്ക് വിഷയീഭവിക്കാറുണ്ട്. അധ്യായങ്ങളിൽ കർമശാസ്ത്രസംബന്ധിയായ വിഷയങ്ങളിൽ ഗുരുവര്യനായ ബുഖാരിയുടെ സ്വാധീനം എങ്ങും ദൃശ്യമാണ്.

**ബുഖാരിയുടെയും മുസ്‌ലിമിന്റെയും ശൈലി, ഭദ്രവും സുന്ദരവുമായ ക്രമീകരണം, സനദിലെ പോരായ്മകളെക്കുറിച്ച വിശദീകരണം എന്നീ കാരണങ്ങളാൽ നസാഇയുടെ സമാഹാരം ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഹദീസുകൾ സ്വീകരിക്കുന്ന കാര്യത്തിൽ അദ്ദേഹം കടുത്ത നിബന്ധനകൾ ചുമത്തി. അബൂദാവൂദും തിർമിദിയും രിവായത്ത്ചെയ്യുന്ന ആളുകളെപ്പോലും ഒഴിവാക്കി. അതിനാൽ ബുഖാരി-മുസ്‌ലിമിനെക്കാൾ തീവ്രമായ നിബന്ധനകളാണ് നസാഇയുടേതെന്നാണ് ചിലർ അഭിപ്രായപ്പെടുന്നത്. ബുഖാരിക്കും മുസ്‌ലിമിനും ശേഷം നസാഇക്ക് മൂന്നാം സ്ഥാനം നൽകണമെന്നാണ് അവരുടെ പക്ഷം.**

### വ്യാഖ്യാനങ്ങൾ

മറ്റു ഹദീസ് ഗ്രന്ഥങ്ങൾക്കുള്ളതുപോലെ ധാരാളം വ്യാഖ്യാനകൃതികൾ നസാഇക്ക് ഉണ്ടായിട്ടില്ല. ആറു നൂറ്റാണ്ടിന് ശേഷം ഹി. 911-ൽ ജലാലുദ്ദീൻ സുയൂത്വിയാണ് ആ ദൗത്യം ഏറ്റെടുത്തത്. മറ്റൊന്ന് മുഹമ്മദുബ്നു അബ്ദിൽ ഹാദിസിന്ദിയുടെതാണ്. ഇത് സുയൂത്വിയെ അപേക്ഷിച്ച് കൂടുതൽ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാണ്. എന്നാൽ സിഹാഹുകൾക്ക്

അബൂനഫ്സ് സർറാജ് എഴുതിയ ശർഹുകളുടെ കൂട്ടത്തിൽ ബുഖാരി, മുസ്‌ലിം, തിർമിദി, അബൂദാവൂദ് എന്നീ നാലെണ്ണത്തിലും വരാത്ത ഹദീസുകളുടെ വിവരണം ഒരു പ്രത്യേക വാല്യത്തിൽ ക്രമീകരിച്ചിരിക്കുന്നു. പക്ഷേ, അതെവിടെയും ലഭ്യമല്ല.

## ഇമാം ഇബ്നുമാജ (റ)

പേര്: അബൂഅബ്ദില്ലാഹ് മുഹമ്മദിബ്നി യസീദ് അർറബഈ അൽഖസ്‌വീനി. പരക്കെ അറിയപ്പെടുന്നത് ഇബ്നുമാജ എന്ന നാമത്തിൽ. മാജഃ എന്ന പേര് പിതാവിന്റേതോ മാതാവിന്റേതോ പിതാമഹന്റേതോ ആയിരിക്കാം. റബഈക്ക് റബീഅഃയുമായാണ് ബന്ധം. ഖസ്‌വീനാകട്ടെ, ഇറാനിലെ പ്രസിദ്ധമായ നഗരവും.

ജനനം: ഹി. 209-ൽ. അദ്ദേഹത്തിന്റെ ജന്മനാട് പണ്ഡിതശ്രേഷ്ഠന്മാരുടെ ഈറ്റില്ലം തന്നെയായിരുന്നു. അലിയ്യുബ്നു മുഹമ്മദ് ത്വനാഫസീ (ഹി. 233-ൽ മരണം), അംറുബ്നു റാഫിഅ് ബജൂലി (മരണം ഹി. 237), ഇസ്മാഈൽ ഖസ്‌വീനി (മരണം ഹി. 247-ൽ), ഹാറൂൻ തമീമി (മരണം ഹി. 248-ൽ), മുഹമ്മദുബ്നു അബൂഖാലിദ് ഖസ്‌വീനി തുടങ്ങിയ പണ്ഡിതന്മാർ ഉദാഹരണം.

ആദ്യകാലങ്ങളിൽ നാട്ടിൽ തന്നെയായിരുന്നു ഹദീസ്പഠനം. പിന്നീട് ഇറാഖ്, ബസ്വറ, കൂഫ, ബഗ്ദാദ്, മക്ക, സിറിയ, ഈജിപ്ത് ഇറാനിലെ പുരാതന നഗരമായ റയ്യ് എന്നിവിടങ്ങളിലേക്ക് യാത്രചെയ്ത് ഹദീസുകൾ ശേഖരിച്ചു. പലനാടുകളിലും അദ്ദേഹം സഞ്ചരിച്ചതായി ഇബ്നുഹജർ രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ഗുരുവര്യന്മാരുടെയും ശിഷ്യഗണങ്ങ






ളുടെയും ശൃംഖല, പേരെടുത്ത് പറഞ്ഞുകൊണ്ട് ഹദീസ് പണ്ഡിതന്മാർ വിസ്മയം രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നുമാജയുടെ ധിഷണയും ഓർമശക്തിയും എല്ലാകാലത്തെയും പണ്ഡിതസമൂഹം അംഗീകരിച്ചിട്ടുണ്ട്. ഓരോ മുഹദ്ദിസിനെക്കുറിച്ചും മദ്ഹബീ അവകാശവാദങ്ങൾ ഉന്നയിക്കപ്പെട്ടതു പോലെ ഇബ്നുമാജയെക്കുറിച്ചും അത്തരം ചില വാദമുഖങ്ങൾ കാണാം. ചിലരുടെ വീക്ഷണത്തിൽ അദ്ദേഹം ഹമ്പലിയാണെങ്കിൽ വേറെ ചിലർക്ക് ശാഫിഈ പക്ഷക്കാരനാണ്.

ഇബ്നുമാജ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടത് 'സുനൻ ഇബ്നുമാജ' തന്നെയാണ്. തഫ്സീറും ചരിത്രഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

**പ്രത്യേകതകൾ**

വിധിവിലക്കുകൾ പറയുന്ന സമഗ്രമായ ഗ്രന്ഥമായി ഇബ്നു ഹജർ *സുനനു ഇബ്നിമാജ*യെ വിശേഷിപ്പിക്കുന്നു. കർമശാസ്ത്ര ക്രമീകരണങ്ങളുടെ മേന്മകാരണം ഇബ്നുകസീർ പ്രയോജനപ്രദം എന്ന് അഭിപ്രായപ്പെടുന്നു. സിഹാഹിലെ മറ്റ് അഞ്ച് ഗ്രന്ഥങ്ങളിലും ഇല്ലാത്ത അപൂർവ ഹദീസ് ശേഖരമാണ് മുഖ്യമായും ചിലർ എടുത്തുപറഞ്ഞ പ്രത്യേകത. ഇത്തരം ഹദീസുകൾ ദുർബലമാണെങ്കിലും പ്രസ്തുത വിഷയത്തിൽ മറ്റു മുഹദ്ദിസുകൾ റിപ്പോർട്ട് ചെയ്ത ഹദീസുകളും ഇബ്നുമാജയിൽ കാണാം. അതാത് നാടുകളിലേക്ക് ഹദീസ് ചേർത്തുപറയുന്ന രീതിയും അദ്ദേഹത്തിനുണ്ട്. ഉദാഹരണത്തിന്, 'ഇത് ഈജിപ്തുകാരുടെ ഹദീസാണ്' എന്ന് പറയുന്നതുപോലെ.

ഹദീസുകൾക്ക് ചുവടെ ചില നിർദിഷ്ട സംഭവങ്ങൾ പകർത്തുന്ന രീതിയും ഇബ്നുമാജക്കുണ്ട്. സനദ് ആലി (മികച്ച നിവേദനം)ക്ക് ഹദീസിൽ വലിയ മഹത്വമുണ്ടല്ലോ. ബുഖാരിയുടെ ഒരു പ്രത്യേകത തന്നെ അതിൽ 22 സുലാസിയാത്തുകൾ (കേവലം 3 റിപ്പോർട്ടർമാരുള്ള ഹദീസ്) ഉണ്ടെന്നതാണ്. മുസ്‌ലിം, നസാഈ എന്നിവരുടെ ആലി റിപ്പോർട്ടുകൾ 4 പേരടങ്ങിയ റുബാഇയ്യാത്തുകളാണ്. എന്നാൽ ഇബ്നുമാജക്ക് 5 സുലാസിയാത്തുകൾ ഉണ്ട്. അഞ്ചും അനസിൽനിന്നുള്ളതാണ്. ഈ അഞ്ചെണ്ണത്തിലും കസീറുബ്നു സുലൈമിന്റെ സാന്നിധ്യമുള്ളതുകൊണ്ട് അതിന്റെ നിലവാരം താഴ്ന്നതാണെന്നുമാത്രം.

മുൻകാലങ്ങളിൽ പലരും ഇബ്നുമാജയെ സ്വിഹാഹുസ്സിത്തയിൽ ചേർത്തിരുന്നില്ല. ചിലർക്ക് ദാരിമിയും വേറെ ചിലർക്ക് മുവത്വ മാലികുമാണ് ആറാമത്തെ സ്വഹീഹ്. ഹാഫിള് അബ്ദുൽ ഫദ്ൽ മുഹമ്മദ് ത്വാഹിർ മഖ്ദിസി (ഹി. 507-ൽ മരണം)യാണ് ഇബ്നുമാജയെ സ്വിഹാഹുസ്സിത്തയിൽ ഉൾപ്പെടുത്തിയത്. പിന്നീടുവന്ന ഗ്രന്ഥകാരന്മാരെല്ലാം അദ്ദേഹത്തെ അനുകരിച്ചു. ഏതായാലും മറ്റുപല ഹദീസ് ഗ്രന്ഥങ്ങൾക്കും അവകാശപ്പെടാനില്ലാത്ത വിധം ഇബ്നുമാജയിലെ വിഷയങ്ങളുടെ ക്രോഡീകരണം എല്ലാതരം ആളുകൾക്കും ഉപകാരപ്രദമാണെന്ന കാര്യത്തിൽ പൊതുവെ ഏകാഭിപ്രായമുണ്ട്. ചില ദുർബല ഹദീസുകൾ *സുനനി*ൽ ചേർത്തില്ലായിരുന്നുവെങ്കിൽ ഇത് അബൂദാവൂദ്, നസാഈ എന്നിവയോട് കിടപിടിക്കുമായിരുന്നു എന്നാണ് ചില നിരൂപകന്മാരുടെ വിലയിരുത്തൽ. പൊതുവെ ഇബ്നുമാജ ആറാം സ്ഥാനത്താണ്.

ഇബ്നുമാജയിൽ ആകെ 32 തലക്കെട്ടുകളിലായി 1500 അധ്യായങ്ങളിൽ നാലായിരം ഹദീസുകളാണുള്ളത്.

**മരണം:** ഹിജ്റ 273-ൽ 64-ാം വയസ്സിൽ റമദാൻ 21 തിങ്കളാഴ്ച. സുനനു ഇബ്നുമാജക്ക് പത്തോളം ശർഹുകളും അനുബന്ധ കൃതികളും ഹിജ്റ എട്ടാം നൂറ്റാണ്ടുമുതൽ രചിക്കപ്പെട്ടിട്ടുണ്ട്. വ്യാഖ്യാനമെഴുതിയവരിൽ നാല് മദ്ഹബുകാരുമുണ്ട്.

■